മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉദ്യോഗസ്ഥൻമാർക്ക് ഐ.എം.ജി.യിൽ വച്ച് ഈ സാമ്പത്തികവർഷവും ഔദ്യോഗിക ഭാഷ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. താലൂക്ക് തലം വരെയുള്ള ആഫീസുകളിൽ മലയാളം കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച നിർദ്ദേശം പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി മലയാളം ടൈപ്പ്റൈറ്ററുകളുടെയും കമ്പ്യൂട്ടറുകളുടെയും ലിപി ഏകീകരണം സംബന്ധിച്ച നിർദ്ദേശവും പരിഗണനയിലുണ്ട്.

തമിഴ്നാട് ഉപയോഗിക്കുന്ന മുല്ലപ്പെരിയാർ ജലം

30 (*180)ശ്രീ. കെ.എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ജലം ഗാർഹികവാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കായി തമിഴ്നാട് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിലേയ്ക്കായി കേരള സർക്കാർ തമിഴ്നാടിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 1886-ലെ കരാർ പ്രകാരവും 12.5.1941-ലെ അമ്പയർ വിധി പ്രകാരവും മുല്ലപ്പെരിയാർ ജലം ഗാർഹിക-വ്യാവസായിക-വാണിജ്യാവശ്യങ്ങൾക്ക് തമിഴ്നാട് ഉപയോഗിക്കുന്നത് കരാർ ലംഘനമാകയാൽ കരാർ റദ്ദാക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഡി) കാരാർ ലംഘനത്തിനെതിരെ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ കൃഷിക്കുവേണ്ടിയാണ് ഉദ്ദേശിച്ചിരുന്നത്. 1970-ലെ അനുബന്ധക്കരാർ പ്രകാരം ഈ ജലമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തമിഴ്നാട്ടിന് അവകാശം നൽകി. ഇതല്ലാതെ ഈ ജലം ഗാർഹിക-വാണിജ്യ-വ്യാവസായികാവശ്യങ്ങൾക്കുകൂടി ഉപയോഗിക്കുന്നതായി അറിവില്ല.

(ബി) ഇല്ല.

(സി)-(ഇ) കരാർ ലംഘനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാർ ടെലഫോൺ ഉപയോഗിച്ച വകയിൽ ചെലവായ തുക

1 (653)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ മന്ത്രിമാരും ടെലഫോൺ ഉപയോഗിച്ച വകയിൽ എന്തുതുക വീതം ചെലവ് വരുത്തിയിട്ടുണ്ടെന്ന വിവരം മന്ത്രിമാരുടെ പേരിനോടൊപ്പം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഓരോ മന്ത്രിയുടെയും ഓഫീസിലെയും വസതിയിലെയും 31.3.2000 വരെയുള്ള ടെലഫോൺ ചെലവ് ചുവടെ ചേർക്കുന്നു.

	മന്ത്രി	തുക/രൂപ
1.	മുഖ്യമന്ത്രി	44,27,007/-
2.	ജലസേചനം, തൊഴിൽ	17,44,817-
3.	ഭക്ഷ്യം, വിനോദസഞ്ചാരം	16,45,815/-
4.	റവന്യൂ	25,24,045/-
5.	വിദ്യാഭ്യാസം, മരാമത്ത്	52,74,512/-
6.	വനം, ഗതാഗതം, ദേവസ്വം	33,68,392/-
7.	തദ്ദേശസ്വയംഭരണം	16,06,364/-
8.	വൈദ്യുതി, സഹകരണം	16,86,598/-
9.	പിന്നോക്ക സമുദായം, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം	10,54,030/-
10.	കൃഷി	19,74,334/-
11.	മത്സ്യബന്ധനം, സാംസ്കാരികം	31,65,403/-
12.	ആരോഗ്യം, സ്പോർട്ട്സ്	30,49,424/-
13.	ധനകാര്യം, എക്സൈസ്	15,19,102/-
14.	വ്യവസായം, സാമൂഹ്യക്ഷേമം	26,78,342/-

സർക്കാരിന് സംസ്ഥാനത്തിനു പുറത്തുള്ള സ്ഥലം

2 (654)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് പുറത്ത് എവിടെയെല്ലാം സംസ്ഥാന സർക്കാരിന് സ്വന്തമായി സ്ഥലം ഉണ്ട്; അതിന്റെ വിസ്തീർണ്ണം, ഇപ്പോഴത്തെ അവസ്ഥ, കസ്റ്റോഡിയൻ എന്നിവ വിശദമാക്കുമോ;

(ബി) കർണ്ണാടകത്തിലെ മൈസൂർ സിറ്റിയിൽ സംസ്ഥാന വനം വകുപ്പിന്റെ ഡിപ്പോ ഇപ്പോൾ ഉണ്ടോ; എത്ര ഏക്കർ സ്ഥലം ഉണ്ടായിരുന്നു; ഇപ്പോഴത്തെ ഇതിന്റെ അവസ്ഥ എന്താണ്;

(സി) കാശിയിൽ കൊച്ചി ദേവസ്വം ബോർഡിന് കൈവശം എത്ര സ്ഥലം ഉണ്ടായിരുന്നു; ഇപ്പോൾ അതിന്റെ അവസ്ഥ എന്താണ്; ആരായിരുന്നു ഇതിന്റെ ചുമതലക്കാരൻ;

(ഡി) സംസ്ഥാനത്തിന് പുറത്തുള്ള സ്ഥലങ്ങളെക്കുറിച്ച് അന്വേഷിച്ചതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ

LIBRARY ARCHIVES Kerala Legislative Assembly